പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *117 — 07.06.2018 ൽ മറുപടിക്ക്

# കശുവണ്ടി മേഖലയിലെ മെച്ചപ്പെട്ട തൊഴിൽ സാഹചര്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ആർ. സുനിൽകുമാർ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീമതി. സി. കെ. ആശ | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കശുവണ്ടി മേഖലയിൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (എ) | പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം അടഞ്ഞുകിടന്നിരുന്ന കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും 2016 ഓണത്തിനുമുമ്പ് തുറന്നുപ്രവർത്തിപ്പിച്ച കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന് കീഴിലുള്ള കാഷ്യൂഫാക്ടറികളിൽ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തി നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും ഫാക്ടറികളിൽ ഭാഗികയന്ത്രവൽക്കരണം നടപ്പാക്കുന്നതിനുമായി സമർപ്പിച്ച 40 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും തുക അനുവദിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാഷ്യൂ കോർപറേഷന് 2016-17 ൽ 60 കോടി രൂപയും 2017-18 ൽ 85.60 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കോർപറേഷൻ ബാങ്കുകൾക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശികയിനത്തിൽ 80 കോടി രൂപ ഒറ്റത്തവണയായി കൊടുത്തു തീർത്തു. ഫാക്ടറികൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ കോർപറേഷൻ സ്വീകരിക്കുകയാണ്.<br>കാപെക്സിന് 2016-17 ൽ നാലുകോടി രൂപയും 2017-18 ൽ 24.55 കോടി രൂപയും 2018-19 ൽ ഇതുവരെ 4 കോടിരൂപയും അനുവദിച്ചിട്ടുണ്ട്.<br>കോർപറേഷൻ 2017 ൽ 1058 പുതിയ തൊഴിലാളികൾക്ക് നിയമനം നൽകിയിട്ടുണ്ട്. കാപെക്സ് 1000 പേർക്കും നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ വിവിധ വകുപ്പുകളുടെ കീഴിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ ഗുണനിലവാരമുള്ള കശുമാവിൻ തൈകൾ കൃഷിചെയ്യുന്നതിനുള്ള നടപടികൾ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി |

മുഖാന്തിരം സ്വീകരിച്ചുവരുന്നു. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി ചെയ്താൽ മാത്രമേ വിപുലമായ തോതിൽ കശുമാവ് കൃഷി സാധ്യമാക്കി ആഭ്യന്തരമായി തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയൂ. സർക്കാർ അതിനുവേണ്ടി ശ്രമം നടത്തി വരികയാണ്. വനം വകുപ്പിന്റെ കീഴിലുള്ള കുറേയേറെ സ്ഥലങ്ങളിൽ ഇതിനകം കൃഷി ആരംഭിച്ചിട്ടുണ്ട്. വനംവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെ തുടർന്ന താഴെ പറയുന്ന , കാര്യങ്ങളിൽ അടിയന്തര നടപടി കൈക്കൊള്ളാനും തീരുമാനിച്ചിട്ടുണ്ട്.

1. വനം വകുപ്പിന്റെ കീഴിൽ അക്വേഷ്യ, യൂക്കാലി, മാഞ്ചിയം തുടങ്ങിയവ കൃഷി ചെയ്തുവരുന്ന 16,000 ഹെക്ടർ സ്ഥലത്ത് മാനേജ്മെന്റ് പ്ലാൻവ്യവസ്ഥ പ്രകാരം ഓരോ ഇനത്തിന്റേയും കാലാവധി തീരുന്ന മുറയ്ക്ക് കശുമാവ് കൃഷി ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിനായി നിലവിലുള്ള മരങ്ങളുടെ വാല്യുവേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണ്.
2. കെ.എഫ്.ഡി.സി യുടെ കീഴിലുള്ള പരമാവധി സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്.
3. വനം വകുപ്പിന്റെ സ്ഥലത്ത് കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ മോഡൽ കാഷ്യു ഗാർഡൻ സ്ഥാപിക്കുന്നതാണ്.
4. വകുപ്പിന്റെ കീഴിലുള്ള 5000 ഹെ. സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നതിനായിരുന്നു തീരുമാനിച്ചിരുന്നത്. ഈ വർഷം അനുയോജ്യമായ 500 ഹെ. സ്ഥലം കണ്ടെത്തി അടിയന്തരമായി കൃഷി ആരംഭിക്കുന്നതാണ്.
5. പ്രായമേറിയ കശുമാവ് മുറിച്ച് മാറ്റി പകരം അത്യുൽപ്പാദന ശേഷിയുള്ള പുതിയ ഇനം കശുമാവ് കൃഷി ചെയ്യുന്നതാണ്.

സ്വകാര്യ വ്യക്തികളുടെ തോട്ടങ്ങളിൽ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിന് ഭൂപരിഷ്കരണ നിയമപ്രകാരം ചില സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. ആയത് കണ്ടെത്തി പരിഹാരം കാണുന്നതിന് അതാത് സ്ഥലത്തെ റവന്യൂ അധികാരികളിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനമെടുക്കാൻ റവന്യൂവകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയിൽ

| | | | |
|---|---|---|---|
| | | | തീരുമാനമായിട്ടുണ്ട്.<br>കശുമാവ് കൃഷിയിൽ താൽപര്യമുള്ള കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ കെ.എസ്.എ.സി.സി. നടപ്പാക്കിവരുന്നു. പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><u>1.കശുമാവ് പുതു കൃഷി</u> - ഇതിൻറെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധന സഹായം എന്നിവ നൽകുന്നു.<br><u>2.കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജ്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു. |
| (സി) | ആഫ്രിക്ക ഉൾപ്പെടെ വിദേശത്ത് നിന്നും മെച്ചപ്പെട്ട ഗുണനിലവാരമുള്ള തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഗവണ്മെന്റ് ടു ഗവണ്മെന്റ് ഇടപാടുകയിലൂടെ കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യാൻ കാഷ്യൂ ബോർഡ് ശ്രമം നടത്തിയെങ്കിലും വിജയിച്ചിട്ടില്ല ആഗോളതലത്തിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) അടിസ്ഥാനത്തിൽ കശുവണ്ടി സംഭരിക്കുന്നതിനു ശ്രമിച്ചെങ്കിലും പ്രതികരണം ആശാവഹമായിരുന്നില്ല പ്രസ്തുത സാഹചര്യത്തിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് ടെണ്ടർ ഫ് ളോട്ട് ചെയ്തു കശുവണ്ടി വാങ്ങുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. ഈ വർഷം തന്നെ ടെന്റർ മുഖാന്തിരം കേരള കാഷ്യൂബോർഡിന് ആഫ്രിക്കയിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ